# ജി യു പി എസ്
# എലപ്പുള്ളി
# സ്കൂൾ സുരക്ഷാ സമിതി





ജി യു പി എസ് എലപ്പുള്ളി സ്കൂളിലെ സ്കൂൾ സുരക്ഷാസമിതി രൂപീകരണയോഗം വെള്ളിയാഴ്ച (20/06/2025) കാലത്ത് 10 മണിക്ക് സ്കൂൾ ലൈബ്രറി ഹാളിൽ വച്ച് നടന്നു. പ്രസ്തുതയോഗത്തിൽ

ഹെഡ്മാസ്റ്റർശ്രീ.ബാലകുമാർ .വി സ്വാഗതം പറഞ്ഞു.




പിടിഎ പ്രസിഡൻറ് ശ്രീ. ഗംഗാധരൻ അധ്യക്ഷത വഹിച്ചു.



കസബ പോലീസ് സ്റ്റേഷനിലെ അസിസ്റ്റൻറ് സബ് ഇൻസ്പെക്ടർ ശ്രീ. യേശുദാസ് യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് വിഷയാവതരണം നടത്തി. ശ്രീ യേശുദാസ് സർ സ്കൂളിൻറെ സുരക്ഷ എന്നുവച്ചാൽ കുട്ടികളുടെ സുരക്ഷ എന്നാണെന്നും കുട്ടികൾ വീടുകളിൽ നിന്നും സ്കൂളിലേക്ക് എത്തിച്ചേരുന്നത് വരെയുള്ളതിനെ ഒന്നാം ഘട്ടമായും സ്കൂളിനകത്ത് രണ്ടാംഘട്ടമായും സ്കൂളിൽനിന്ന് വീട്ടിലേക്ക് തിരിച്ചു പോകുന്ന യാത്ര മൂന്നാംഘട്ടമായി തിരിച്ചുകൊണ്ട് ഈ മൂന്ന് ഘട്ടങ്ങളിൽ ഒരുക്കേണ്ട സുരക്ഷാ നടപടികളെക്കുറിച്ച് വിദ്യാർത്ഥികളെ മാത്രമല്ല യോഗത്തിൽ പങ്കെടുത്ത എല്ലാവരേയും ബോധവൽക്കരിച്ച് സംസാരിച്ചു. കുട്ടികൾക്ക് നേരിടേണ്ടി വരുന്ന അപകട സാധ്യതകളെക്കുറിച്ചും

അങ്ങനെ ബുദ്ധിമുട്ടുണ്ടാവുമ്പോൾ ചെയ്യേണ്ട മുൻകരുതലുകളെ കുറിച്ചും കുട്ടികളെ ബോധവൽക്കരിച്ച് സംസാരിച്ചു

- 


ശ്രീ സായൂജ് (ജനമൈത്രി പോലീസ് ഓഫീസർ കസബ പോലീസ് സ്റ്റേഷൻ), സ്കൂൾ സുരക്ഷയേകുറിച്ചും അദ്ദേഹത്തിന്റെ സർവീസിൽ അദ്ദേഹത്തിനുണ്ടായ അനുഭവങ്ങളേക്കുറിച്ചും യോഗത്തിൽ

സുരക്ഷാ യോഗവുമായി പങ്കുവയ്ക്കുന്നു




ശ്രീ സുബ്രഹ്മണ്യൻ( വാർഡ് മെമ്പർ), സ്കൂൾ സുരക്ഷക്കായി തദ്ദേശ സ്വയംഭരണ വകുപ്പിൻ്റെ ഭാഗത്ത് നിന്നും എല്ലാ വിധ പിൻതുണയും വാഗ്ദാനം ചെയ്യുന്നു


OFFICE
GUPS

ശ്രീ അജിത് കെ എസ് (ഹെൽത്ത് ഇൻസ്പെക്ടർ), വളരെ ലളിതമായി കുട്ടികളുടെ ഭാഷയിൽതന്നെ കുട്ടികൾക്ക് മനസിലാവുന്ന രീതിയിൽ ഒരു മണിക്കൂറോളം നീണ്ടു നിൽക്കുന്ന ബോധവൽക്കരണ ക്ലാസ് നടത്തുന്നു



- ഹരിദാസ് (ബി എസ് എം സി), ശ്രീ സുഭാഷ് പ്രണബ്-(വ്യാപാരി), ശ്രീ പ്രകാശൻ- (ഓട്ടോ ഡ്രൈവർ),ശ്രീ മണികണ്ഠൻ, ശ്രീമതി ദിവ്യ (പ്രാദേശിക പ്രതിനിധികൾ), ശ്രീമതി ശ്രീലത ടീച്ചർ, അധ്യാപക പ്രതിനിധികൾ, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവർ പങ്കാളികളായി.




സുരക്ഷ സമിതി
2025-26
Jun 20, 2025, 11:20






സ്കൂളിനകത്തും പുറത്തുമുള്ള അപകട സാധ്യതകളെ കുറിച്ചും



യു. പി. എസ്.
പി. ഓ., പാലക്കാട് – 678622
SCHOOL SOCIAL SERVICE SCHEME

സുരക്ഷാ മുൻകരുതലുകളെ കുറിച്ചും ചർച്ച ചെയ്തു. ഫയർഫോഴ്സ് എക്സൈസ് വകുപ്പുകളുടെ പൂർണ്ണ പിന്തുണ യോഗത്തിനുണ്ടായിരുന്നു.



വിദ്യാർഥികൾക്കായി ഫയർഫോഴ്സിന്റെ ഭാഗത്തുനിന്നും മോക്ക് ഡ്രിൽ നടത്തുമെന്ന് അറിയിച്ചു. കൂടാതെ സെൽഫ്ഡിഫൻസ്




ക്ലാസുകൾ, രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും ഉള്ള ബോധവൽക്കരണ ക്ലാസുകൾ എന്നിവ

നടത്താനും യോഗത്തിൽ തീരുമാനിച്ചു.യോഗത്തിനുശേഷം ASI ശ്രീ യേശുദാസ് സാർ ജനമൈത്രി പോലീസ് ഓഫീസർ, ശ്രീ സായൂജ് സാർ എന്നിവരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് റോഡ് സേഫ്റ്റിയെ കുറിച്ച് ബോധവൽക്കരണ ക്ലാസ് നൽകി.








വിദ്യാലയത്തിലേക്ക് എത്തിചേരേണ്ട
പ്രഥമ മാർഗം റോഡായതുകൊണ്ട്
തന്നെ അദ്ദേഹം റോട്ടിലേക്ക് കുട്ടികളെ

ഇറക്കി റോഡ് നിയമങ്ങളേക്കുറിച്ച്

പറഞ്ഞു മനസിലാക്കുന്നു.അപകട

സാധ്യതകളേക്കുറിച്ചും

ബോധവൽകരിക്കുന്നു...കുട്ടികൾ

ഭയപ്പെടേണ്ട യാതൊരു സാഹചര്യവും

ഇല്ലെന്നും.. അവർക്കുണ്ടാകുന്ന എല്ലാ

ബുദ്ധിമുട്ടുകളും തരണം ചെയ്യാൻ

ഞങ്ങൾ കൂടെ ഉണ്ട് എന്നും ഉറപ്പ്

നൽകുന്നു.പങ്കെടുത്ത എല്ലാ കുട്ടി

കൾക്കും ബഹുമാന്യ വ്യക്തികളുടെ

വിലയേറിയ വാക്കുകൾ ഒരു വലിയ

അനുഭവം ആയി മാറിഏറ്റവും

.ഒടുവിലായി

1 അധ്യക്ഷൻ HM

2 കൺവീനർ SRG

3 എജ്ജുക്കേഷൻ സ്റ്റാൻഡിങ് കമ്മിറ്റി മെമ്പർ

4 പിടിഎ പ്രതിനിധികൾ

5 തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും രണ്ടുപേർ

6 റവന്യൂ വകുപ്പിൽ നിന്നും

7 ഫയർഫോഴ്സ്

8 പോലീസ്

9 ആരോഗ്യവകുപ്പ്

10 പ്രാദേശിക വ്യാപാരി

11 ഓട്ടോ ഡ്രൈവർ

12 പ്രദേശത്തെ മാന്യനായ വ്യക്തി

13 രണ്ട് അധ്യാപകർ

15 വിദ്യാർത്ഥികൾ 2 ഗേൾ 2

എന്നിവരെ യെല്ലാം ഉൾപെടുത്തി സ്കൂൾ സുരക്ഷാ സമിതി രൂപീകരിച്ചു അവസാനമായി സ്റ്റാഫ് സെക്രട്ടറി ശ്രീമതി സ്മിത ടീച്ചർ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു

കൊണ്ട് യോഗം അവസാനിപ്പിച്ചു.